# മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ ക്രിമിനലുകളുടെ ഉപവാസം

മത തീവ്രവാദത്തിനും വർഗ്ഗീയതക്കുമെതിരെ തൃശ്ശൂർ തെക്കേ ഗോപുര നടയിൽ നടന്ന സാംസ്കാരിക നായകരുടെ ഉപവാസത്തിൽ ഗാനഗന്ധർവ്വൻ കെ. ജെ. യേശുദാസ് 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്' എന്നാലപിച്ചതുകൊണ്ടാണോ ദാ വരുന്നു നാട്ടിലെ മുഴുവൻ ക്രിമിനൽസും! തേറമ്പിൽ, കെ. പി., പിണറായി, തുങ്കഴി, ടി. വി. ചന്ദ്രമോഹൻ തുടങ്ങി നഗരപിതാവും നഗരമാതാവും വരെ എത്തിച്ചേർന്നു. ഉപവാസം തുടക്കത്തിലെ ലക്ഷ്യം കണ്ടുപോലും. കൃഷ്ണയ്യർക്ക് ഇരിക്കാൻ വയ്യ. അഴീക്കോടിന് മൂലക്കുരു. അടുത്ത പ്രോഗ്രാം; ഗന്ധർവ്വന് അടുത്ത ട്രാക്ക്, തുടങ്ങി ഓരോരുത്തരായി 4 മണിക്ക് മുമ്പ് സ്ഥലം വിട്ടുവെന്ന് പറയപ്പെടുന്നു.

വർഗ്ഗബോധം കൊണ്ടാണ് വർഗ്ഗീയതയ്ക്കെതിരായ സമരത്തിൽ പിണറായിയും സംഘവും എത്തിപ്പെട്ടത്, എം. എ. ബേബി ആഹ്വാനം ചെയ്തത്. ഉപവാസത്തിന്റെ ഗാന്ധിയൻ സ്പിരിറ്റ് കൊണ്ട് ആന്റണിയും സംഘവും ആശംസകൾ നേർന്നു. സി. കെ. പത്മനാഭനും സംഘവും ഇത് തനിക്കെതിരായ എന്തോ ഗൂഢാലോചന പോലെ ജില്ലാ കമ്മിറ്റിയെക്കൊണ്ട് പ്രസ്താവിപ്പിച്ചു. ചോരപ്പൂക്കൾകൊണ്ട് അഭിവാദ്യം അർപ്പിക്കാനെത്തിയ കേരളീയ യുവത്വം ഗാന ഗന്ധർവ്വനെ കണ്ട് പാടിപ്പോയി.

'അങ്ങനെ കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്തത് സംഭവിക്കുന്നു. മലയാളി സമൂഹമനസ്സിന് അപഭ്രംശമുണ്ടാകുന്നു' എന്ന നോട്ടീസ് വാചകം സാർത്ഥകമായി. മതതീവ്രവാദത്തിനും രാഷ്ട്രീയഭീകരതയ്ക്കുമെതിരായ സഹിഷ്ണുതയുടേയും സൗഹാർദ്ദത്തിന്റേയും സന്ദേശമുയർത്തിപ്പിടിച്ച് തുടങ്ങിയ കൂട്ട ഉപവാസം കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ച പോലുണ്ട്. 200[illegible] ഡിസംബർ 27 ന് രാവിലെ 10 മുതൽ തേക്കിൻകാട്ടിൽ കെട്ടി ഉയർത്തിയ പന്തലിൽ വൈകീട്ട് 4 മണി വരെ ഇരുന്ന ഒറ്റ സാംസ്കാരിക നായകരും തങ്ങളുടെ കൂടെ ഇരിക്കുന്ന ക്രിമിനൽസിനെ തിരിച്ചറിഞ്ഞില്ല. അതോ അറിഞ്ഞിട്ട് മാധ്യമങ്ങളിൽ ആഘോഷറിപ്പോർട്ടുകളായി തലക്കെട്ടുകളും ചിത്രങ്ങളും വന്ന ഈ പ്രഹസന ഉപവാസം യഥാർത്ഥത്തിൽ ആർക്കു വേണ്ടിയായിരുന്നു? സുകുമാർ അഴീക്കോടിന്റേയും കൃഷ്ണയ്യരുടേയും യേശുദാസിന്റേയും കെ. ജി. ശങ്കരപ്പിള്ളയുടേയും മാർക്കറ്റ് വാല്യു ഉയർത്തിയ ഈ സമരത്തിൽ ആരാണ് ലക്ഷ്യം കണ്ടത്?

തേറമ്പിൽ രാമകൃഷ്ണനേയും പിണറായിയെയും ഇരുകയ്യും നീട്ടി സ്വീകരിച്ച ഈ യജ്ഞക്കാരുടെ ലക്ഷ്യം വ്യക്തമാണ്. ആനന്ദന്മാരുടെയും തുങ്കഴിമാരുടേയും സ്വാമിജിമാരുടേയും കൈകളിൽ എവിടെ കറ? അതുള്ളവർ കൈ കഴുകട്ടെ. അധോലോക സംഘത്തെ തീറ്റിപ്പോറ്റി ആർ. എസ്. എസിന്റെ ശാഖാ യോഗങ്ങളിൽ കയറി ഇറങ്ങി അയ്യായിരം നായർ വോട്ടുകൊണ്ട് എം. എൽ. എ. യാകുന്ന ചന്ദനക്കുറിക്കാരൻ വിചാരിച്ചാൽ എത്ര കൊലപാതകങ്ങൾ ഒഴിവാക്കാം. എത്ര സംഘട്ടനങ്ങളും സംഘർഷങ്ങളും ഒഴിവാക്കാം. കേരളത്തിൽ ഏതു കാലത്തൊക്കെ വർഗ്ഗീയ സംഘർഷമുണ്ടായിട്ടുണ്ടോ അപ്പോഴൊക്കെ പിന്നിൽ പ്രവർത്തിച്ച കരുണാകരനെന്ന ക്രിമിനലിന്റെ കൂട്ടാളികളും ഈ ഉപവാസപന്തലിൽ ഇടം കണ്ടെത്തിയെന്നത് മതസൗഹാർദ്ദമായിരിക്കും. നാദാപുരത്തും, കാസർകോടും കണ്ണൂരും പത്തനംതിട്ടയിലുമൊഴുക്കിയ വർഗ്ഗീയ ചോര ഏതു പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തിലാണ് എന്ന് തുറന്നുപറയുവാനുള്ള ധാർമ്മിക ബാധ്യത സി. പി. എം. സെക്രട്ടറിക്കുണ്ട്. ഒന്നുമല്ലാതിരുന്ന മുസ്ലീം ലീഗിന്റെ പി. ഡി. പി., എൻ. ഡി. എഫ്. രഹസ്യകൂട്ടുകെട്ടിലൂടെ ഇരുമുന്നണികളും നേട്ടം കൊയ്തിട്ടുണ്ട്. സ്ഥാനാർത്ഥി നിർണ്ണയത്തിൽ പോലും ജാതി മത വർഗ്ഗ ലിംഗ ഭേദം നോക്കുന്ന പാർട്ടികളും അരമനയിലെ രഹസ്യ ബാന്ധവവും പകൽ വെളിച്ചം പോലെ വ്യക്തമാണ്. കേരളത്തിലെ വാർഡുവിഭജനം പോലും ജാതിബലം നോക്കിയാണ്. സന്യാസിമഠങ്ങളും അരമനകളും അമ്പലങ്ങളും കേരളത്തിന്റെ ഭരണയന്ത്രത്തിൽ എങ്ങനെ പിടിമുറുക്കിയിരുന്നുവെന്നത് പ്ലസ്സ് കച്ചവടം, കള്ള് കച്ചവടം, ദേവസ്വം ബോർഡ് നിയമനം ഇവ നോക്കിയാൽ മനസ്സിലാക്കാവുന്നതാണ്. വീതം വെയ്പ്പിന്റെ ഒരു ജാതി വിപണിയായി കേരളീയ സമൂഹത്തെ മാറ്റിയതിൽ ഇവരുടെയൊക്കെ പങ്ക് നിർണ്ണായകമാണ്. മാമക്കുട്ടിമാരും സംഘവും ഒഴുക്കിയ ചോര എത്ര ജീവിതങ്ങളെ അനാഥമാക്കിയെന്ന് മുഖത്ത് നോക്കി വിളിച്ചുപറയാൻ ഒരു സംസ്കാരിക നായകനും തയ്യാറാവാത്തത് ഉപവാസത്തിന്റെ ലക്ഷ്യം പിഴക്കുമെന്നതുതന്നെ. കേരളത്തിന്റെ മഹാഭാഗ്യങ്ങളിൽ ഇങ്ങനെ നാടകങ്ങൾ അരങ്ങുതകർക്കുന്നത് നിസ്സംഗതയോടെ നിർമമതയോടെ കാണാൻ മലയാളിക്ക് കഴിയുന്നുണ്ടല്ലോ. ചോര തിളയ്ക്കാതെ.

**കെ. പി. ജയദേവൻ, കോതോട്ടിൽ, കുന്നംകുളം**